## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 646 — 28.02.2018-ൽ മറുപടിയ്ക്ക്

### പെൺകുട്ടികൾക്കായി പ്രീ മെട്രിക് ഹോസ്റ്റൽ

ചോദ്യം
ശ്രീ.കെ.കുഞ്ഞിരാമൻ

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ
മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ കുണ്ടംകുഴിയിൽ എസ്. ടി വിഭാഗത്തിലെ പെൺകുട്ടികൾക്കായി പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് റവന്യൂ ഭൂമി വകുപ്പിന് കൈമാറി തന്നിട്ടുണ്ടോ,വിശദാംശങ്ങൾ അറിയിക്കാമോ: | എ) | കാസറഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിൽ കുണ്ടംകുഴിയിൽ എസ്.ടി വിഭാഗത്തിലുള്ള പെൺകുട്ടികൾക്ക് ഹോസ്റ്റൽ തുടങ്ങുന്നതിന് ബേഡഡുക്ക വില്ലേജിൽ സർവ്വേ നമ്പർ 216/2 ബിയിൽ ഒരേക്കർ ഭൂമി കൈമാറിയിട്ടുണ്ട്. |
| ബി) | ഈ സ്ഥലത്ത് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | ഈ സ്ഥലത്ത് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്ക് KIIFB യുടെ അന്തിമ അനുമതിയും ലഭിച്ചിട്ടുണ്ട്. |
| സി) | ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) | ടി പദ്ധതി നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തിയ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ